61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം
2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 956 Participant Code: 104

യന്ത്രങ്ങൾ ശ്വസിക്കുന്നു!

സൂര്യൻ കിഴക്കേ ചക്രവാളത്തിൽ വരവറിയിച്ചിരിക്കുന്നു.
പുതുനാമ്പുകൾ പിറവിയെടുക്കുന്നു.
പുൽനാമ്പുകളിൽ നിന്ന് ഉതിർന്ന് വീഴുവാൻ വെമ്പുന്ന
മഞ്ഞുതുള്ളികൾ പരിഭവം പറയുന്നു.
ചേറിൽ പുതഞ്ഞ കരങ്ങൾ
കളകളുടെ ആയുസ്സിന് അറ്റം കുറിക്കുന്നു.
കളങ്കമറ്റ മനസ്സുകൾ വിരലുകൾ കോർത്ത്
ബന്ധനങ്ങളേകാത്ത ബന്ധങ്ങളുടെ കഥ പറയുന്നു.
അങ്ങനെ ഓർമയുടെ താളുകളിലെല്ലാം.
മലയാളനാടേ..! നീ അത്രമേൽ മനോഹരിയായിരുന്നു!

ഏറ്റവും മനോഹരമായ ഒരു ഓർമയ്ക്കപ്പുറം
ഞാനിന്നെന്റെ നാട് കണ്ടറിയുകയാണ്.
വൃക്ഷങ്ങൾക്ക് പകരം കാടുകളിൽ വളർന്ന് പന്തലിച്ച്
നിൽക്കുന്ന കെട്ടിടങ്ങളെ കൊച്ചുകുട്ടിയുടെ
കൗതുകത്താലാണ് ഞാൻ നോക്കികണ്ടത്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മഞ്ഞുതുള്ളികൾക്ക് പരിഭവം പറയാൻ ഇടം കൊടുക്കാതെ
മുറ്റത്ത് പറ്റിച്ചേർന്ന്കിടക്കുന്ന കട്ടകളോട്
ഇക്കുറി പരിഭവം പറഞ്ഞത് ഞാനാണ്.
എന്റെ നാടിന്റെ മാറ്റങ്ങളുടെ ഇവിടം
തേടിയുള്ള യാത്രയുടെ അന്ത്യം
ഒരുപാടൊരുപാട് മാറിപ്പോയ ഇന്നിന്റെ മനുഷ്യരിലായിരുന്നു!
ഒരു മതിൽക്കെട്ടിനപ്പുറം കാണുന്ന
മനുഷ്യരെ പോലും തിരിച്ചറിയാത്ത അമ്മയെ
ഞാനാദ്യമായെന്നപോൽ നോക്കികാണുകയായിരുന്നു.
അമ്മയുടെ വിരൽത്തുമ്പിൽ തൂങ്ങി
ഓരോ ഇടവഴി നടക്കുമ്പോഴും കാണുന്ന മനുഷ്യനെ
ഒരു മാത്രയുടെ ആലോചനയ്ക്ക് പോലും കാക്കാതെ
ഓർത്തെടുക്കുന്ന അമ്മയെ ഓർത്തെടുക്കുവാ-
നെനിക്കും ബുദ്ധിമുട്ടേണ്ടി വന്നില്ല.
കിലുക്കാംപെട്ടിയുടെ നാദത്തിനും, മുത്തശ്ശികഥകൾക്കും
കൂട്ടായി ചേർത്തിരുന്ന അന്നവും ഉറക്കവും
ഇന്നിന്റെ ബാല്യത്തിന് അന്യമാണെന്ന
തിരിച്ചറിവ് എനിക്ക് അത്രമേൽ ഭീകരമാണ്.

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 956 Participant Code: 104

അവയ്ക്ക് പകരമായി സ്ഥാനം പിടിച്ച
നിറങ്ങൾ മിന്നിമറയുന്ന യന്ത്രങ്ങളേക്കാൾ
എന്നെ ഭയപ്പെടുത്തിയത്
ജീവിക്കാൻ മറന്നുപോയ....
അല്ലെങ്കിൽ, ജീവിക്കാനറിയാത്ത
ശ്വസിക്കുന്ന വെറും യന്ത്രങ്ങളിലേക്കുള്ള
മനുഷ്യന്റെ പരിണാമമാണ്!

നമ്മുടെ മണ്ണുള്ള മലയാളനാടിന്റെ ഒരു ഛായാചിത്രം
ഭദ്രം ഓർമയിൽ സൂക്ഷിക്കുന്നുണ്ട് ഞാൻ...
ഉയരങ്ങളിലെത്തുമ്പോഴും മറവിയുടെ ആഴങ്ങളിലേക്ക്
തള്ളിയിടാതെ ചേർത്ത് പിടിക്കുവാൻ!
അല്ലെങ്കിൽ ചിലപ്പോൾ എനിക്കും
പരിണാമം സംഭവിച്ചേക്കാം..!
കാരണം...
ഞാനും ഇന്നിന്റെ മനുഷ്യനല്ലേ..?!

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)